# CHMKS GHSS MATTOOL

## DIGITAL MAGAZINE



# നാമ്പുകൾ

# സി എച് എം കെ എസ് ജി എച് എസ് എസ് മാട്ടൂൽ




റവന്യൂ ജില്ല

കണ്ണൂർ

വിദ്യാഭ്യാസ ജില്ല

തളിപ്പറമ്പ്

ഉപജില്ല

മാടായി

പ്രധാനാദ്ധ്യാപകൻ

മുഹമ്മദ് ബഷീർ പി കെ

പി ടി എ പ്രസിഡൻറ്

ഒ വി ഷാദുലി

എം പി ടി എ പ്രസിഡൻറ്

സുമിയത്ത് എ

# ആശംസ

സി .എച്ച് .മുഹമ്മദ് കോയ സ്മാരക ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ മാട്ടൂലിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതായി അറിഞ്ഞു .വിദ്യാർഥികളുടെ ഡിജിറ്റൽ എഴുത്തിനെ പ്രോൽസാഹിപ്പിക്കുന്നതിന് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് നടത്തുന്ന ഈ പ്രവർത്തനത്തിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു .



എം .രഞ്ജിത്ത്
പ്രിൻസിപ്പൽ

# ആശംസ

സി .എച്ച മുഹമ്മദ് കോയ സ്മാരക ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ മാട്ടൂലിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ,വിദ്യാരംഗം കലാസാഹിത്യവേദി ,മറ്റു ക്ലബ്ബുകൾ ഇവയൊക്കെ ചേർന്ന് വിദ്യാർഥികളുടെ സൃഷ്ട്ടികൾ ഡിജിറ്റലൈസ് ചെയ്തു രൂപപ്പെടുത്തുന്ന 'നാമ്പുകൾ 'എന്ന ഡിജിറ്റൽ മാഗസിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാ കുട്ടികൾക്കും അവരെ നയിച്ച അദ്ധ്യാപകർക്കും ആശംസകൾ നേരുന്നു .



മുഹമ്മദ് ബഷീർ പി കെ
ഹെഡ് മാസ്റ്റർ

## ആശംസ

സി .എച്ച് . മുഹമ്മദ് കോയ സ്മാരക ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ മാട്ടൂലിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു .




ശാദ്ദലി .ഒ .വി
പി ടി എ പ്രസിഡന്റ്

# ആശംസ

സി .എച്ച് . മുഹമ്മദ് കോയ സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, മാട്ടൂലിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു .



സുമിയത്ത് എ

എം പി ടി എ പ്രസിഡന്റ്

# ആശംസ

സി എച്ച മുഹമ്മദ് കോയ സ്മാരക ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ മാട്ടൂലിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ അംഗങ്ങൾ 'നാമ്പുകൾ 'എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയതിൽ ,മൊത്തം സ്റ്റാഫിന്റെ പേരിൽ സ്റ്റാഫ് സെക്രട്ടറി എന്ന നിലയിൽ ഞാൻ ആശംസകൾ അർപ്പിക്കുന്നു .കുട്ടികളുടെ സർഗാത്മക കഴിവുകൾ വളർത്താൻ ഇത്തരം പ്രവർത്തനങ്ങൾ വളരെ പ്രാധാന്യം അർഹിക്കുന്നു .ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവരുടെ കഠിനപ്രയത്നത്തെയും അർപ്പണ മനോഭാവത്തെയും പ്രശംസിക്കുന്നു . തുടർന്നും ഇതിലും മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ച വെക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു .



സമീറ എം .ടി .സി
സ്റ്റാഫ് സെക്രട്ടറി




ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐടി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്.ഞങ്ങളുടെ സ്കൂളിൽ നിലവിൽ 80കുട്ടികൾ ലിറ്റിൽ കൈറ്റ് അംഗങ്ങളാണ് .ഗ്രാഫിക്ക് ഡിസൈനിങ് ,ആനിമേഷൻ പ്രോഗ്രാമിങ്, മലയാളം ടൈപ്പിംഗ് ,ഡെസ്ക്ടോപ്പ് പബ്ലിഷിംഗ് റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ മേഖലകളിൽ ഈ കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട് ആനിമേഷൻ പ്രോഗ്രാമിങ് മലയാളം ടൈപ്പിംഗ് ഡെസ്ക്ടോപ്പ് പബ്ലിഷിംഗ് റോബോട്ടിക്സ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ മേഖലകളിൽ ഈ കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട്

വിജ്ഞാനം വിരൽത്തുമ്പിൽ എത്തിനിൽക്കുന്ന ഈ കാലത്ത് വായന എന്നത് ഏറെക്കുറെ ഡിജിറ്റലായി മാറിക്കഴിഞ്ഞുവിജ്ഞാനം വിരൽത്തുമ്പിൽ എത്തിനിൽക്കുന്ന ഈ കാലത്ത് വായന എന്നത് ഏറെക്കുറെ ഡിജിറ്റലായി മാറിക്കഴിഞ്ഞു.ഡെസ്ക്ടോപ്പ് പബ്ലിഷിംഗ് എന്ന മോഡ്യൂളിലൂടെ പഠിച്ച കാര്യങ്ങൾ ഉപയോഗപ്പെടുത്തി സ്കൂളിലെ 8 മുതൽ 10 വരെയുള്ള ക്ലാസിലെ കുട്ടികളുടെ രചനകൾ നാമ്പുകൾ എന്ന ഡിജിറ്റൽ മാഗസിൻറെ രൂപത്തിൽ പുറത്തിറക്കാൻ ആണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ശ്രമിച്ചത് സമയപരിധിക്കുള്ളിൽ നിന്നുകൊണ്ട് തയ്യാറാക്കിയ ഈ മാഗസിൻ ഞങ്ങൾ നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു.വരുവരു.... ഡിജിറ്റൽ വായനയുടെയും വിജ്ഞാനത്തിന്റെയും നൂതന ലോകത്തിൽ നമുക്ക് ഒരുമിച്ച് പറക്കാം.

ചാരിതാർത്ഥ്യത്തോടെ
കൈറ്റ് മിസ്ട്രസ്സസ്
ധനലക്ഷ്മി ടി & കവിത ടി വി

# *EDITORIAL BOARD*

Student Editor



SHAHANA SAJMEER T V

Sub Editor



NABEEL A

## Members



Minha



Sufiyan



Sahira A C



FIDHA AMINA S V



Muhammad c p



RABEEH K K



MUHAMMED K K

## Advisers



DHANALAKSHMI T



SAMEERA E P



KAVITHA T V


# LITTLE KITES ACTIVITIES -2023-24























'നാമ്പുകൾ' നാളെയുടെ പ്രതീക്ഷകളാണ്. അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്ന സാങ്കേതികതയുടെ പുതിയ ലോകം . അറിവിന്റെ ആകാശവും സർഗാത്മകതയുടെ സാഗരവും ആണ്. 2023-24 അധ്യായന വർഷത്തെ സി എച്ച് എം കെ എസ് ജി എച്ച്എസ്എസ് മാട്ടൂലിലെ അംഗങ്ങളുടെ കൂട്ടായ്മയിൽ വിടർന്ന 'നാമ്പുകൾ ' എന്ന ഡിജിറ്റൽ മാഗസിൻ ആദരണീയരായ ഗുരുജനങ്ങളുടെയും പ്രിയപ്പെട്ട കൂട്ടുകാരുടെയും സഹായ സഹകരണങ്ങളോടെ നിങ്ങളുടെ മുന്നിലേക്ക് എത്തുകയാണ്.ഈ കുരുന്നു 'നാമ്പുകൾ' നിങ്ങളുടെ കൈകളിലേക്ക് ഏറെ പ്രതീക്ഷയോടെയും കരുതലോടെയും സമർപ്പിക്കട്ടെ.......



SHAHANA SAJMEER T V
MAGAZINE EDITOR

# TABLE OF CONTENT


| | | |
|---|---|---|
| 1 | മഴയും ഞാനും | 14 |
| 2 | എന്റെ യാത്രകളിലൂടെ | 15 |
| 3 | കടൽ | 18 |
| 4 | മയിൽപ്പീലികൾ | 19 |
| 5 | ഒരു കൊച്ചുകൊറോണ അനുഭവം | 20 |
| 6 | മായാത്ത ഓർമ്മകൾ | 22 |
| 7 | എന്റെ ഊട്ടി യാത്ര | 23 |
| 8 | ഒരു അറബികവിത | 25 |
| 9 | മഴ | 26 |

# മഴയും ഞാനും

മഴ പ്രകൃതിയെ തൊട്ടു ഉന്നർത്തുന്ന മനോഹരമായ ഒരു പ്രതിഭാസമാണ് . മഴ ഓരോരുത്തരുടെയും മനസ്സിനെ തൊട്ടുണർത്തുന്നു. ഓരോമഴക്കാലവും എല്ലാവരുടെയും മനസ്സിൽ വ്യത്യസ്തമായ പല അനുഭവങ്ങൾ കൊണ്ട് നിറയ്ക്കുന്നു . മഴ പെയ്യുമ്പോൾ മണ്ണിന്റെ സുഗന്ധം പ്രകൃതിയിൽ നിറഞ്ഞ് നിൽക്കുന്നു.മഴവില്ല് മേഘങ്ങൾക്കിടയിലൂടെഎത്തി നോക്കി പുഞ്ചിരി തൂകുന്നു.മഴക്കാലം മനസ്സിൽ ആഹ്ലാദവും സന്തോഷവും കുളിർമ്മയും നൽകുന്നു.പ്രകൃതി മനുഷ്യന് നൽകുന്നഅനുഗ്രഹമാണ് മഴ.

മഴത്തുള്ളികൾ ഓരോന്നായി ഭൂമിയിൽ തഴുകി ഉണർത്തി കൊണ്ടിരിക്കുന്നു.മഴയുടെ ആ ശബ്ദത്തിൽ തന്നെ സംഗീതാത്മകമായ താളഭംഗി നിറഞ്ഞു നിൽക്കുന്നു .മഴയുടെ കുളിർമ്മയിൽ കുട്ടികൾ തുള്ളിച്ചാടുന്നു ,പുഴകൾ നിറഞ്ഞു കവിഞ്ഞൊഴുകുന്നു,കുന്നുകൾ പൂത്തുലയ്ക്കുന്നു ,കാടുകളുടെ വന്യത കൂടുന്നു, മയിലുകൾ പീലി വിടർത്തി നൃത്തമാടുന്നു .ഈ കാഴ്ചകൾ എല്ലാം മഴയെ കൂടുതൽ മനോഹരമാക്കുന്നു. ഈ മഴയിൽ ഞാൻ എന്നെത്തന്നെ മറക്കുന്നു.

ശിവന്യ സുധീഷ്

## എന്റെ യാത്രകളിലൂടെ

എൻെറ ചെറിയ പ്രായത്തിലാണ് ഞാൻ ആദ്യമായി യാത്രയ്ക്ക് പോയത് . തമിഴ്നാട്ടിലെ വേളാങ്കണ്ണി പള്ളിയിലേക്കായിരുന്ന യാത്ര.നേർച്ചയുടെ ഭാഗമായിട്ടാണ്എന്നെകൂട്ടിക്കൊണ്ടുപോയത് . അന്ന് എന്റെ തല മൊട്ടയടിച്ചു മഞ്ഞൾ പുരട്ടി.നേർച്ചചെയ്യുന്നതിനായി മാലയിട്ട് മെഴുകുതിരി കത്തിച്ചു പ്രാർത്ഥിച്ചു .ഒരു ദിവസം മുഴുവനും അവിടെ തന്നെയായിരുന്നു. പപ്പയ്ക്കും അമ്മയ്ക്കും മുട്ടിൽ ഇഴയാൻ നേർച്ചയുണ്ടായിരുന്നു .ഞാൻ ചെറുതായതുകൊണ്ട് ഇടയ്ക്ക് വെച്ച് നിർത്തി .ഇല്ലെങ്കിൽ എനിക്ക് വയ്യാതാകും എന്ന് കരുതി പപ്പ സമ്മതിച്ചില്ല.ഏതാണ്ട് സന്ധ്യ യൊടെ നേർച പൂർത്തിയായത് . വൈകുന്നേരം ഞങ്ങൾ അവിടുത്തെ കടപ്പുറത്ത് പോയി . അവിടുന്ന് പച്ചമാങ്ങ മസാല ഇട്ടതും ഐസുമൊക്കെ രുചിച്ചു നടന്നു.ഞാൻ ചെറുതായതുകൊണ്ട് എൻ്റെ മാമന്മാരുടെ കൂടെത്തന്നെ കടലിൽ ഇറക്കി. ഒരു പന്ത് വാങ്ങി ഞാനും പപ്പയും മാമന്മാരും കൂടി കടലിൽ പന്ത് തട്ടി കളിച്ചു. അപകട മേഖല ആയതുകൊണ്ട് ഗാർഡുമാർ വിസിൽ മുഴക്കി ക്കൊണ്ടിരിക്കുന്നുണ്ടായിരുന്നു. ഞങ്ങളുടേത് ഫാമിലി ടൂർ ആയതിനാൽ എല്ലാ പ്രായത്തിൽ ഉള്ളവരും ഉണ്ടായിരുന്നു. സ്വന്തമായി ഭക്ഷണം നമ്മൾ തന്നെ ഉണ്ടാക്കിയ മൂന്നു നേരവും കഴിച്ചത് . നല്ലൊരു അനുഭവമായിരുന്നു അത് . സ്ഥലം കാണാൻ മാത്രമല്ല ഒരുമിച്ച് ഭക്ഷണം വെച്ച് അത് പങ്കിട്ടു കഴിക്കുന്ന അനുഭവം കൂടി ഉണ്ടായി.രാത്രി ഭക്ഷണം കഴിച്ച് റൂമുകളിലേക്ക് പോയി .പിറ്റേന്ന് രാവിലെ ചായകുടിച്ച് 8 മണിക്ക് വീണ്ടും യാത്ര തുടങ്ങി. രണ്ടുമണിക്കൂർസഞ്ചരിച്ച്ഞങ്ങൾതഞ്ചാവൂരിലെത്തി.തഞ്ചാവൂരിലെ പ്രസിദ്ധമായ അമ്പലത്തിലായിരുന്നു നമ്മൾ ക്ഷേത്രത്തിനകത്തു കടക്കുന്നതിനു മുന്നേ ആനയ്ക്ക് കാണിക്കയായി ഒരു പടല പഴവും പൈസയും കൊടുത്തു .അപ്പോൾ ആന എന്നെ തുമ്പിക്കൈ കൊണ്ട് അനുഗ്രഹിച്ചു. അപ്പോൾ ഞാൻ പേടിച്ച് കരഞ്ഞ കാര്യം പറഞ്ഞ് ഇപ്പോഴും അമ്മാവന്മാർ എന്നെ കളിയാക്കാറുണ്ട് .

ക്ഷേത്രത്തിനകത്ത് നല്ല തണുപ്പായിരുന്നു. 80 അടിയുള്ള ഒറ്റക്കൽ തൂണുകൾ അവിടെ ഉണ്ടായിരുന്നു.അവിടെനിന്ന് ഞങ്ങൾ നേരെ പോയത് ഹോഗനക്കൽ ആയിരുന്നു.നരൻ മര്യാദാ രാമൻ എന്നീ ഒട്ടനേകം സിനിമ ഷൂട്ട് ചെയ്ത സ്ഥലമാണ് ഹോഗനക്കൽ . ഹോഗനക്കലിലെചെറിയ വട്ടത്തോണിയിൽ ഞങ്ങൾ ഓരോരുത്തരും പോയി . വട്ടത്തോണിയിൽ ഇരിക്കുമ്പോൾ എനിക്ക്പേടി തോന്നി . അവിടെ ഒരു ചെറിയ വെള്ളച്ചാട്ടമുണ്ട് .അതിന്റെഅടുത്ത്കൊണ്ട്പോയി വട്ടത്തോണി കറക്കി. ഞങ്ങളും കറങ്ങി. പേടിച്ച് എല്ലാവരും ആ സമയം ഒച്ചവച്ചു. തോണി തുഴയുന്ന അണ്ണൻ ഞങ്ങളുടെ നിലവിളി കേട്ട്. ചിരിക്കുന്നുണ്ടായിരുന്നു. പേടി തോന്നിയെങ്കിലും മറക്കാൻ പറ്റാത്ത നല്ല ഒരുഅനുഭവമായിരുന്നു അത് . വട്ടത്തോണിയിൽ 15 മിനിറ്റ് കറങ്ങിയതിന് ശേഷം കുറച്ചു ദൂരെയുള്ള മണൽ തിട്ടയുള്ള സ്ഥലത്ത്

ഞങ്ങളെ ഇറക്കി.അവിടെ കുറെ ചേച്ചിമാർ മീൻഫ്രഷ് ആയി പൊരിച്ചു കൊടുക്കുന്നുണ്ടായിരുന്നു.മീൻ വറുത്തതും ഉപ്പിലിട്ടതും അങ്ങനെ കുറെ സാധനങ്ങൾ കഴിച്ചു. അതിനുശേഷം വീണ്ടും വട്ട തോണിയിൽ യാത്രതുടർന്നു.കരയ്ക്ക് വന്നപ്പോഴാണ് മിക്കവർക്കും ശ്വാസം വീണത് .അവിടുന്ന് പിന്നീട് നേരെ ബാംഗ്ലൂരിലേക്ക് ആണ് ഞങ്ങൾ പോയത് . അവിടുന്ന് കുറേ പർച്ചേസിംഗ് നടത്തി .പിന്നീട് നേരെ മൈസൂരിലേക്ക് വണ്ടി വിട്ടു. രാവിലെ തന്നെ മൈസൂർ മൃഗശാല കറങ്ങി കണ്ടു. വെള്ള കടുവയും വെള്ളമയിലും അതുപോലെ മനുഷ്യക്കുരങ്ങനെയും മറ്റു നിരവധി ജീവജാലങ്ങളെയും കണ്ടു. പിന്നീട് മൈസൂർ പാലസിലേക്ക് യാത്ര തിരിച്ചു. ടിപ്പു സുൽത്താന്റെ ഉമ്മയുടെ ശവകുടീരം സ്ഥിതി ചെയ്യുന്ന സ്ഥല ത്തേക്ക് പോയി . അതിനടുത്ത് തന്നെയാണ് ത്രിവേണി സംഗമം.

ഉച്ചഭക്ഷണത്തിനുശേഷം അക്വേറിയം കാണാൻ പോയി.
അക്വേറിയം ഒക്കെ കണ്ടതിന് ശേഷം വൈകുന്നേരം വൃന്ദാവൻ ഗാർഡനിലേക്ക് യാത്ര തിരിച്ചു.സന്ധ്യയോടെ വാട്ടർ ഡാൻസും കണ്ടു.ഓരോ പാട്ടിനനുസരിച്ച് വെള്ളം താഴുകയും പൊങ്ങുകയും ചെയ്യുന്നത് കാണാൻ നല്ല ഭംഗിയാണ് . പല നിറത്തിലും വർണ്ണത്തിലും ആകുമ്പോൾ കണ്ണിന് കുളിർമ നൽകുന്ന അനുഭവമായി മാറി .
അതിനുശേഷം നമ്മൾ യാത്രയുടെ അവസാനഘട്ട സ്ഥലമായ ചാമുണ്ഡി ഹിൽസിലേക്ക് പോയി.നല്ല തണുപ്പ് ഉണ്ടായിരുന്നു .
അവിടുന്ന് നോക്കിയാൽമൈസൂർ സിറ്റി മുഴുവൻ കാണാമായിരുന്നു .
അത്രയും പൊക്കത്തിൽ ആയിരുന്നു ആ ക്ഷേത്രം സ്ഥിതി ചെയ്യുന്നത് .
ഏറ്റവും വലിയ നന്ദിപ്രതിമ അവിടെയാണ് ഉള്ളത് . യാത്രയുടെ നല്ല ഓർമ്മകൾ മനസ്സിലേറ്റിക്കൊണ്ട് നമ്മൾ മടക്ക യാത്ര ആരംഭിച്ചു.

ആൻ സഫാനിയ







# •കടൽ

കടൽ കടലിനോട് യാത്ര ചൊല്ലി
തിരകളോട് വിടവാങ്ങുന്നസന്ധ്യ നേരം
മേഘങ്ങളുടെ നെറുകയിൽ ചാർത്തിയ സിന്ദൂരഭാവം
കാറ്റിൻ തുമ്പത്ത് കാറ്റാടിയുടെ സൽക്കാരം
കാറ്റിൽ ഇലകൾ ഓർമ്മകളിലൂടെ ആടിയുലയുന്നു
കടൽപ്പാലം
വഴിതെറ്റിയ ചിപ്പികൾ തേടി
എങ്ങു നിന്നോ പറന്നെത്തിയ തീരൻ കാറ്റ് .
തീരങ്ങൾ തേടി തീരങ്ങളിലേക്ക് പായും ഉഷ്ണക്കാറ്റും
കടലിന് നടുവിലെ തീരം തേടി
സ്വയം കൈവിട്ടത് അറിയാതെ എങ്ങോ ഒരു നൗക
ഉയർന്ന താണും ലക്ഷ്യങ്ങൾ കൈവിട്ട്
കൈവിട്ട സന്ധ്യകളിൽ ഉണർന്നെഴുന്നേറ്റ കാറ്റ്
ഈ തിരമാലയും കാറ്റും
അനന്തതയിലേ അന്ധകാരത്തിലേക്ക്
അലിഞ്ഞു ചേർന്നെങ്കിൽ
ഈ മഹാസമുദ്രമായ കടലിന് എൻ
ജന്മം ഒരു കണ്ണുനീർ മുത്തായി സമർപ്പിക്കുന്നു.

സഫ ശിഹാബ് കെ വി



# മയിൽപീലികൾ



പറയാതെ പടിയിറങ്ങുമ്പോൾ
പതിവ് പോൽ
പടിയിറങ്ങുമ്പോൾ
പിറകിൽ നിന്നാരോ
വിളിപ്പതില്ലേ നമ്മൾ
പിരിയുവാനെന്തിനായ്
കണ്ടുമുട്ടുന്നു...

ആഴങ്ങളറിയാത്തൊരാത്മബന്ധം
നമ്മിലകലങ്ങളില്ലാത്ത
സ്നേഹ ബന്ധം
പൂവിട്ടു നിൽക്കുമീ
വിദ്യാലയത്തിന്റെ
പടിയൊന്നിറങ്ങി
നീങ്ങുമ്പോൾ.....

പിറകിൽ നിന്നാരോ
വിളിപ്പതില്ലേ
നമ്മൾ പിരിയുവാനെന്തിനായ്
കണ്ടുമുട്ടുന്നു.
കാലംഅനിവാര്യമാണെന്നതും
മുന്നിൽ കാതങ്ങളേറെ
അകലെയാണെന്നതും
കാരണമാവാം
കരുതലിൻ കൈപിടിച്ചോരോ
പടികൾ
കടക്കുമ്പൊഴും
പിറകിൽ നിന്നാരോ
വിളിപ്പതില്ലേ
നമ്മൾ പിരിയുവാനെന്തിനായ്
കണ്ടുമുട്ടുന്നു..

അക്ഷരപാടത്ത്
നാം നട്ട വിത്തുകൾ
കതിരിട്ടും
കൊയ്ത്തുൽസവം വന്നിട്ടും
കിളികൾ വന്നെത്തുന്ന
പാടമാണിവിടം
ഇന്നൊരുമിച്ചിരിക്കാം
കഥ പറയാം.

കരുതി വെച്ചിട്ടുണ്ട്
നമ്മൾ തന്നുൾത്താളിൽ
കാണാതൊളിപ്പിച്ച മയിൽപീലികൾ
എന്നും നമ്മെ നാമാക്കുന്ന
സൗഹൃദപ്പീലികൾ....

ജയശ്രീ അഴീക്കോട് (ഹിന്ദി അധ്യാപിക)


## ഒരു കൊച്ചു കൊറോണ അനുഭവം

നമ്മുടെ ജീവിതത്തിൽ കൊറോണ എന്ന മഹാമാരി ഉണ്ടാക്കിയ വിപത്തുകൾ ഒന്നുകൂടി ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ എന്റെ കഥ തുടരാം ഞാൻ ആറാം ക്ലാസിൽ പഠിക്കുമ്പോൾ ആണ് കൊറോണ വന്നത് നമ്മുടെ സ്കൂളിൽ നിന്ന് ടൂർ പോകാൻ തീരുമാനിച്ച ആ സമയം ആണ് കൊറോണ നമ്മുടെ ജീവിതത്തെ ലോക്ക് ഡൗണിലേക്ക് തള്ളിവിട്ടത് . സ്കൂളുകൾ അടച്ചു കൂട്ടുകാരെയും അധ്യാപകരെയും കാണാതെ കുറെ നാളുകൾആ നാളുകളിൽ എൻറെ അപ്പൻ ഗൾഫിൽ നിന്ന് നാട്ടിലേക്ക് വന്നു. അപ്പൻറെ കൂടെ കുറെ നേരം ചിലവഴിക്കാൻ എനിക്ക് ആ ദിവസങ്ങളിൽ കഴിഞ്ഞു.പക്ഷേ വൈകാതെ കൊറോണയുടെ ഭീകര കൈകൾ എൻ്റെ അപ്പനെയും പിടിച്ചു. കുറേ ദിവസം അച്ഛൻ ഒരു മുറിയിൽ തന്നെ ഒറ്റയ്ക്ക് അടച്ചിരുന്നു. സാമൂഹ്യ അകലം പാലിച്ചത് കൊണ്ടാവാം കൊറോണയ്ക്ക് വീട്ടിലെ മറ്റ് അംഗങ്ങളെ പിടിക്കാൻ പറ്റിയില്ല. ഞാൻ ദിവസവും വൈകുന്നേരം കളിക്കാൻ പോകാറുണ്ടായിരുന്നു.മാട്ടൂൽ ബീച്ചിൽ ഫുട്ബോൾ കളിയാണ് എന്റെ ഏറ്റവും പ്രിയപ്പെട്ട വിനോദം.ഒരു ദിവസം പോലീസിനെ പേടിച്ച് ഞാൻ ഓടിച്ചത് ഇപ്പോഴും എൻറെ ഓർമ്മയിൽ ഉണ്ട് . സ്കൂൾ ഇല്ലാത്തതിനാൽ കൈറ്റ് വിക്ടേഴ്സ് ചാനലിലെ ക്ലാസ്സുകളാണ് നമ്മളോട് കാണാൻ പറഞ്ഞിരുന്നത് . വാട്സാപ്പിൽ നോട്ടുകൾ അധ്യാപകർ അയച്ചു തന്നിരുന്നു.കൂടാതെ അധ്യാപകരുടെ ഗൂഗിൾ മീറ്റ് ക്ലാസും ഉണ്ടായിരുന്നു.പക്ഷേ മിക്ക കുട്ടികളും ഈ ക്ലാസുകൾ കണ്ടിരുന്നില്ല.സ്കൂളിൽനിന്ന് നേരിട്ട് കിട്ടുന്ന ക്ലാസും ഇത്തരത്തിലുള്ള ക്ലാസുകളും വളരെയധികം മാറ്റങ്ങൾ ഉണ്ട് . എന്തായാലും ഇത്തരത്തിലുള്ള ക്ലാസുകൾ നമ്മുടെ ജീവിതത്തെ തന്നെ ആകെ മാറ്റി മറിച്ചു. കൊറോണ പോയി, എന്നാൽ ഇപ്പോഴും കൊറോണ ഉണ്ടാക്കിയ പഠന ശീലങ്ങളിൽനിന്ന് നമുക്ക് മോചനം ഇല്ല എന്ന് തോന്നുന്നു. ഓൺലൈൻ ക്ലാസ്സ് കാണുക എന്ന പേരിൽ കുട്ടികൾ മൊബൈലുകൾ ഉപയോഗിക്കാൻ തുടങ്ങി.മൊബൈൽ ഉപയോഗിക്കരുത് എന്ന് പറഞ്ഞിരുന്ന രക്ഷിതാക്കൾ തന്നെ മൊബൈൽ എടുത്ത് കുറച്ചു പഠിച്ചു കൂടെ എന്ന് ചോദിക്കുന്ന അവസ്ഥയായി അവസ്ഥയായി.

കലികാലം അല്ലാതെന്തു
പറയാൻ .അങ്ങനെ ആരുടെയും
പാഠഭാഗങ്ങൾ പഠിക്കാതെ ഞാൻ
ഒൻപതാം ക്ലാസിലേക്ക് കടന്നു.
കൊറോണ നാട്ടിൽനിന്ന്
പടിയിറങ്ങുന്ന സമയമായപ്പോൾ
സ്കൂൾ തുറന്നു പ്രവർത്തിക്കാൻ
തുടങ്ങി.മാട്ടൂൽ നോർത്ത് , സൗത്ത്
എന്നീ ഭാഗങ്ങളായി തിരിച്ച്
കുട്ടികളെ സ്കൂളിൽ വരുത്താൻ
തുടങ്ങി.കൊറോണയൊക്കെ പോയി
ക്ലാസുകൾ പഴയരീതിയിൽ
ആയെങ്കിലും ഇപ്പോഴും
മൊബൈലിന്റെ ഉപയോഗവും അത്
ഉപയോഗിച്ചിട്ടുള്ള പഠനരീതിയും
കുട്ടികൾ ഇപ്പോഴും തുടരുന്നു.



യദു കൃഷ്ണ



# മായാത്ത ഓർമ്മകൾ

തിരികെയണയാൻ സമയമായോ
പിരിഞ്ഞിരുന്നിതു നീറുകയല്ലേ
എന്തിനു വേണ്ടി ആർക്കു വേണ്ടി
നാം നോവു വറ്റാ കർക്കിടക മഴ പോൽ പെയ്തു തീരുന്നു

പകലുമായവേ ഓർമ്മകൾ നിറയവേ ഉള്ളം തേങ്ങുന്നോ
കാറ്റിൻ വിരലുകൾ നിന്നെ തലോടുമ്പോൾ കണ്ണുകൾ
നിറയുന്നോ
ഓർമ്മയിൽ നെഞ്ചം പിടയുന്നോ
എന്റെ ചുവരിൽ പ്രണയം കൊണ്ട് നി നിറപടമെഴുതിയില്ലേ
ഒരിക്കലും മായാത്ത ചിത്രങ്ങളുള്ളിൽ തീർത്തു നി പോയില്ലേ

ജന്മങ്ങളിനിയും കാത്തിരിക്കാം
നിന്നിലേക്കൊഴുകും നിളയായി പുനർജനിക്കാം
എന്നിലൊരു പാട്ടായി നി വിടരും സമയത്തിനായി
കാതോർത്തിരിക്കാം

രമ്യ രാമചന്ദ്രൻ
ഇംഗ്ലീഷ് അധ്യാപിക

# എന്റെ ഊട്ടി യാത്ര

യാത്ര പോകാൻ ഇഷ്ടമില്ലാത്തവർ ഇല്ലല്ലോ .ഞങ്ങൾക്കും യാത്ര എന്ന് കേട്ടാൽ തന്നെ വളരെ സന്തോഷമാണ് . ഒരുപാട് നാളത്തെ ഞങ്ങളുടെ ആഗ്രഹമായിരുന്നു പ്രകൃതിയെ തൊട്ടറിഞ്ഞ ഒരു വിനോദയാത്ര. അങ്ങനെ വെക്കേഷനിൽ ഞങ്ങൾ ഒരു ഊട്ടി യാത്ര പോകാൻ തീരുമാനിച്ചു .ഞാനും എൻ്റെ കുടുംബക്കാർ എല്ലാവരും കൂടിയുള്ള ഒരു അടിപൊളി ഊട്ടി യാത്ര .ഞങ്ങൾ ബുധനാഴ്ച രാവിലെ യാത്ര തിരിച്ചു. വയനാട് ചുരം വഴി ബന്ദിപ്പൂർ വനത്തിനുള്ള യാത്ര . ഗുണ്ടല്ലൂർ ടൗൺ പിന്നിട്ടപ്പോഴേക്കും കിഴക്ക് ആകാശത്തു നേരിയ വെളിച്ചം കാണാൻ തുടങ്ങി. കിഴക്കൻ മാനത്ത് വെളിച്ചം പരക്കുന്ന മനോഹര ദൃശ്യംആസ്വദിച്ചുകൊണ്ട് ഞങ്ങൾ പ്രശസ്തമായ ഷൂട്ടിംഗ് ലൊക്കേഷൻ എത്തിച്ചേർന്നു.ഏറെ സിനിമകളിൽ കണ്ട സ്ഥലം . പക്ഷേ ഒരു ക്യാമറ ഫ്രെയിമിൽ ഉൾക്കൊള്ളുന്നത് അല്ല അവിടുത്തെ ദൃശ്യഭംഗി. ഊട്ടി പ്രകൃതിയുടെ അതിമനോഹരമായ ക്യാൻവാസ് . ചിത്രങ്ങളിൽ ഊട്ടിയുടെ ഒരു ശതമാനം ഭംഗി പോലും ഇല്ല എന്നതാണ് സത്യം. നേരിട്ട് കാണുമ്പോഴാണ് ആ മനോഹാരിത മുഴുവൻ ആസ്വദിക്കാൻ പറ്റുക.ഞങ്ങൾ പോകുമ്പോൾ ആളുകൾ കുറവായിരുന്നു അതുകൊണ്ട് ഓരോന്നും സ്വതന്ത്രമായി ആസ്വദിക്കാൻ കഴിഞ്ഞു. പച്ചപരവതാനി വിരിച്ച പോലെ മൊട്ട കുന്നുകൾ ഇതിലൂടെ നടക്കവാൻ എന്ത് രസമാണ് എന്നറിയോ! ഈ കുന്നുകൾക്ക് . അതിൽ നിൽക്കുന്ന മരങ്ങൾ എത്ര കണ്ടാലും മതിവരാത്ത സ്ഥലം . കുറച്ചു സമയം അവിടെ ചെലവിട്ടു. ഞങ്ങൾ കുറെ ഫോട്ടോ എടുത്തു. തണുപ്പ് കാറ്റ് നേരിയതോതിൽ . ഞങ്ങൾ എല്ലാവരും ചൂടുകുപ്പായം എടുത്തിട്ടു.അല്പസമയത്തിനുശേഷം ഇളം വെയിൽ പരന്നപ്പോൾ സുഖകരമായ ഒരു അന്തരീക്ഷം. ഇറങ്ങിപ്പോരാൻ മനസ്സ് അനുവദിക്കുന്നില്ല. നീലഗിരി കുന്നുകളുടെ മനോഹാരിത ആവോളം ആസ്വദിച്ചു കൊണ്ട് ഞങ്ങൾ യാത്ര തുടർന്നു. കുറച്ചുസമയത്തോടുകൂടി ഞങ്ങൾ ഊട്ടി തടാകത്തിൽ എത്തി .അരമണിക്കൂർ ബോട്ടിംഗ് ആസ്വദിച്ചു. നീലഗിരി മലനിരകൾക്ക് താഴെയായി താഴ് വാരങ്ങൾക്ക് നടുവിൽ ആയി സ്ഥിതി ചെയ്യുന്ന ഊട്ടി തടാകം. പച്ചപ്പിനാൽ പൊതിഞ്ഞു നിൽക്കുന്ന ഇടമാണ് . ഊട്ടി യാത്രകൾ യാതൊരു കാരണവശാലും ഒഴിവാക്കുവാൻ സാധിക്കാത്ത ഒരു അനുഭവമാണ് ടോയ് ട്രെയിൻ എന്നറിയപ്പെടുന്ന നീലഗിരി മൗണ്ടൈൻ റെയിൽവേ യാത്ര. മേട്ടുപ്പാളത്തെയും ഊട്ടിയെയും തമ്മിൽ ബന്ധിപ്പിക്കുന്നതാണ് . ഊട്ടിയെ പറ്റി പറയുമ്പോൾ എടുത്തു വേറൊരു പാറ അതിമനോഹരമായിരുന്നു അത് കാണാൻ.

അങ്ങനെ ഊട്ടി യാത്ര കഴിഞ്ഞ്
ഞങ്ങൾ 11 മണിയോടുകൂടി വീട്ടിൽ
എത്തിച്ചേർന്നു . ആ യാത്ര എന്റെ
ജീവിതത്തിലെ ഒരിക്കലും
മറക്കാൻ പറ്റാത്ത ഒരു
അനുഭവമാണ് .

സഹല പി.ടി



# ഒരു അറബികവിത




مغفرة بإذن الله
مع طلاقة الوجه....
دونَ التَظاهُرْ أمامَ الرِّعايا
بِكوْنهِ الحاكمْ....
ما اعظمَ حالُك...فى أذهانِ الناسْ.

فى زاوِيةٍ ما..... ..فى قلبكْ
مع شدةِ فِكرَة حَزينَة.....على وجهكْ..لإتمامِ العدْلْ.

ألسْتَ يا سُموّ الشيخْ....قُدْوَةَ والدي
بأنك. سعيدٌ بالفِكرِ الحُرّ...
فى ذِهْنِ والدى.
حينما لْتَفَتُّ إلى زمنٍ بعيدْ....
والدي....كان سعيدًا عِندَ بَوابةِ قَصْرِكْ......إنْتقَلَ إلى التُربَة..قَبْلَكْ....فى نفْسِ العُمرْ
مُعْتَزًا في قلبِ والدي...مَجْدُ شَخْصِيَتِكْ،
نرْجُو الوِراثَة مِنكْ،.....
بفِراقِهِ ما. جَفَّ عيْنيَّ،.......
الآنْ...كيْفْ أكونُ... قادِرةً على التوَقُفْ


Sameera MTC
(HST Arabic)


With delight on the
face ,and
no arrogance of a
king towards
his people.....
How great is your
place in the
heart of man kind!.
At some corner..... of
your
heart ....
Was a deep concern
that
showed on your face
For establishing
justice.
Aren't you.... oh
leader!
Roll model of my
father .. That
your were gifted
with...
independent
thinking...
As in the thoughts of
my father
Looking back at a
time long
ago.. ..
my father.. was
content at the
doors of your palace.
He passed away ,....
before you, at an age
that was
similar.
Valuable was in my
fathers
heart ,....
Your noble
personality that he
wished ...
we inherit from you .
After he departed.......
my eyes haven’t
dried,
And now how do I
stop them
anymore........!!!!


Sameera MTC
(HST Arabic)

## മഴ

മഴയിൽ കുതിർന്ന മണ്ണിന്റെ
ഗന്ധത്തിലെവിടെയോ
നഷ്ടപ്പെട്ടുപോയ നമ്മളിലേക്ക്
ഓർമ്മകൾ തുള്ളികളായി
പെയ്തിറങ്ങുന്നു.

## മഴ

ഇടവേളകളിൽ
പെയ്യുന്ന മഴ
പോലെയാണ് ചിലർ
ഒന്നും പറഞ്ഞ്
തീർക്കാതെ ഇടയ്ക്ക്
വന്ന് പോകുന്നവർ

വിജേഷ് യു വി
(ചിത്ര കലാ അധ്യാപകൻ)